# നാല് അടിസ്ഥാന നിയമങ്ങൾ

മുഹമ്മദ് ബ്നു അബ്ദിൽ വഹാബ്

(رحمه الله)

Rwwad Translation Center

Rabwah Association

IslamHouse Website

This book is properly revised and designed by Islamic Guidance & Community Awareness Association in Rabwah, so permission is granted for it to be stored, transmitted, and published in any print, electronic, or other format - as long as Islamic Guidance Community Awareness Association in Rabwah is clearly mentioned on all editions, no changes are made without the express permission of it, and obligation of maintained in high level of quality.

Telephone: +966114454900

Fax: +966114970126

P.O.BOX: 29465

RIYADH: 11557

ceo@rabwah.sa

www.islamhouse.com

بسم الله الرحمن الرحيم

എല്ലാ മഹത്വങ്ങളുമുള്ളവനും, ആദരണീയമായ അർശിന്റെ (സിംഹാസനത്തിന്റെ) റബ്ബുമായ അല്ലാഹുവിനോട് ഞാൻ ചോദിക്കുന്നു; നിന്റെ രക്ഷ അവനേറ്റെടുക്കട്ടെയെന്നും, നീ എവിടെയായിരുന്നാലും അവൻ നിന്നെ അനുഗ്രഹീതനാക്കട്ടെയെന്നും. നന്മ ലഭിച്ചാൽ നന്ദി കാണിക്കുകയും, പരീക്ഷിക്കപ്പെട്ടാൽ ക്ഷമിക്കുകയും, തെറ്റുപറ്റിയാൽ പാപമോചനം തേടുകയും ചെയ്യുന്നവരിൽ അവൻ നിന്നെ ഉൾപ്പെടുത്തട്ടെയെന്നും ഞാൻ പ്രാർത്ഥിക്കുന്നു. കാരണം, ഈ മൂന്നു കാര്യങ്ങൾ സൗഭാഗ്യത്തിന്റെ അടയാളമാകുന്നു.

നീ അറിയുക! - നിന്നെ അല്ലാഹു അവനെ അനുസരിക്കുന്നതിലേക്ക് വഴിനടത്തട്ടെ - ഹനീഫിയ്യത് അഥവാ ഇബ്റാഹീം നബിയുടെ മാർഗം എന്നാൽ നീ എല്ലാ താഴ്മയും അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് അവനെ മാത്രം ആരാധിക്കലാണ്. അല്ലാഹു പറഞ്ഞതു പോലെ:

"وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ" (الذاريات: 56)

**“ജിന്നുകളെയും മനുഷ്യരെയും എന്നെ** (മാത്രം) **ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.”** (അദ്ദാരിയാത്:56)

അല്ലാഹു അവനെ ഇബാദത് ചെയ്യുവാൻ വേണ്ടിയാണ് നിന്നെ പടച്ചതെന്ന് നീ മനസിലാക്കിയെങ്കിൽ അറിയുക: തൗഹീദ് ഉണ്ടെങ്കിലല്ലാതെ ഇബാദത്തിനെ ഇബാദത് എന്ന് പറയുക സാധ്യമല്ല. ശുദ്ധിയുണ്ടെങ്കിലല്ലാതെ നിസ്കാരം

നിസ്കാരമാവുകയില്ല എന്നതുപോലെ. ആരാധനയിൽ ശിർക്ക് കലർന്നാൽ അത് നിഷ്ഫലമാകും. വുദൂഅ് മുറിയുന്ന കാര്യം വല്ലതും സംഭവിച്ചാൽ ശുദ്ധിയില്ലാതാകും എന്നതുപോലെ.

ഇബാദത്തിൽ ശിർക്ക് കലർന്നാൽ ഇബാദത് ഫലശൂന്യമായിത്തീരും. ശിർക്ക് ചെയ്തയാളുടെ സൽകർമങ്ങളെല്ലാം പൊളിഞ്ഞുപോവുകയും, അയാൾ നരകത്തിൽ ശാശ്വതവാസിയായിത്തീരുന്നതുമാണ്. ഇക്കാര്യം മനസ്സിലായാൽ ശിർക്കിനെക്കുറിച്ച് പഠിക്കുകയെന്നതാണ് നിൻ്റെ ഏറ്റവും പ്രധാനപ്പെട്ട ബാധ്യതയെന്ന കാര്യം നിനക്ക് ബോധ്യപ്പെടും. ശിർക്കെന്ന ഈ കെണിയിൽ നിന്ന് അല്ലാഹു നിന്നെ രക്ഷപ്പെടുത്തിയേക്കാം. അല്ലാഹു ശിർക്കിനെക്കുറിച്ച് പറഞ്ഞതിങ്ങനെയാണ്:

"إِنَّ اللَّهَ لَا يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَنْ يَشَاءُ..." (النساء: 116)

"അല്ലാഹു അവനിൽ പങ്കുചേർക്കപ്പെടുന്നത് പൊറുക്കുകയില്ല. എന്നാൽ അതല്ലാത്തത് അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്"

(നിസാഅ്: 116)

അല്ലാഹു അവൻ്റെ ഗ്രന്ഥത്തിൽ പരാമർശിച്ച നാല് അടിസ്ഥാന കാര്യങ്ങൾ മനസിലാക്കിയാലാണ് ശിർക്കിനെക്കുറിച്ച് പഠിക്കാൻ സാധിക്കുക.

**ഒന്നാമത്തെ അടിസ്ഥാന കാര്യം:**

ഏതൊരു നിഷേധികളോടാണോ മുഹമ്മദ് നബി ﷺ യുദ്ധം ചെയ്തത്, അവർ അല്ലാഹുവാണ് സ്രഷ്ടാവും നിയന്താവുമെന്ന് അംഗീകരിച്ചിരുന്നു. പക്ഷെ ആ വിശ്വാസം കൊണ്ടുമാത്രം അവർ മുസ്ലിംകളായില്ല. അല്ലാഹുവിന്റെ ഈ വചനം ഇതിനുള്ള തെളിവാണ്.

قُلْ مَنْ يَرْزُقُكُمْ مِنَ السَّمَاءِ وَالْأَرْضِ أَمَّنْ يَمْلِكُ السَّمْعَ وَالْأَبْصَارَ وَمَنْ يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَيُخْرِجُ الْمَيِّتَ مِنَ الْحَيِّ وَمَنْ يُدَبِّرُ الْأَمْرَ فَسَيَقُولُونَ اللَّهُ فَقُلْ أَفَلَا تَتَّقُونَ [يونس:31].

പറയുക: ആരാണ് ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്നത്? അല്ലെങ്കിൽ, കേൾവിയും കാഴ്ചകളും ഉടമപ്പെടുത്തുന്നവനാരാണ്? ആരാണ് ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതിനെ പുറത്തുകൊണ്ടുവരുന്നതും, ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതിനെ പുറത്തുകൊണ്ടുവരുന്നതും? ആരാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നത്? അവർ പറയും അല്ലാഹു എന്ന്. പറയുക എങ്കിൽ നിങ്ങൾ (അവനെ) സൂക്ഷിക്കുന്നില്ലേ?" (സൂറത്തു യൂനുസ്: 31)

**രണ്ടാമത്തെ അടിസ്ഥാന കാര്യം:** മുശ്രിക്കുകൾ പറഞ്ഞതിങ്ങനെയാണ്: ഞങ്ങൾ ഈ ഇലാഹുകളെ വിളിച്ചു പ്രാർത്ഥിക്കുന്നതും അവരിലേക്ക് തിരിയുന്നതും, അല്ലാഹുവിലേക്ക് അവർ ഞങ്ങളെ അടുപ്പിക്കാനും അവനോട് ഞങ്ങൾക്ക് വേണ്ടി അവർ ശുപാർശ പറയാനും ആവശ്യപ്പെട്ടുകൊണ്ട് മാത്രമാണ്.

അല്ലാഹുവിലേക്ക് അടുക്കാൻ വേണ്ടിയാണ് അവരതുചെയ്തത് എന്നതിനുള്ള തെളിവാണ് അല്ലാഹുവിന്റെ ഈ വചനം:

"وَالَّذِينَ اتَّخَذُوا مِنْ دُونِهِ أَوْلِيَاءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَا إِلَى اللَّهِ زُلْفَى إِنَّ اللَّهَ يَحْكُمُ بَيْنَهُمْ فِي مَا هُمْ فِيهِ يَخْتَلِفُونَ إِنَّ اللَّهَ لَا يَهْدِي مَنْ هُوَ كَاذِبٌ كَفَّارٌ" [الزمر:3]

"അവന്നു (അല്ലാഹുവിനു) പുറമെ ചില രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിലേക്ക് ഞങ്ങളെ കൂടുതൽ അടുപ്പിച്ചുതരാൻ വേണ്ടിമാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുക തന്നെചെയ്യും. നുണയനും കടുത്ത നിഷേധിയുമായവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച." (സൂറത്തു സുമർ: 3)

മുശ്‌രിക്കുകൾ അവരുടെ ഇലാഹുകളെ വിളിച്ചത് ശഫാഅത്തിന് (ശുപാർശ) വേണ്ടിയായിരുന്നു എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനമാണ്.

"وَيَعْبُدُونَ مِنْ دُونِ اللَّهِ مَا لَا يَضُرُّهُمْ وَلَا يَنْفَعُهُمْ وَيَقُولُونَ هَؤُلَاءِ شُفَعَاؤُنَا عِنْدَ اللَّهِ..." [يونس:18]

**"അല്ലാഹുവിനു പുറമെ തങ്ങൾക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാൻ കഴിയാത്തവരെ അവർ ആരാധിക്കുന്നു. അവർ പറയുന്നു: ഇവർ അല്ലാഹുവിങ്കൽ ഞങ്ങളുടെ ശുപാർശക്കാരാകുന്നു."** (സൂറത്തു യൂനുസ്: 18)

**ശഫാഅത് അഥവാ, ശുപാർശ രണ്ടുതരമുണ്ട്:**

**ഒന്ന്:** ഇല്ലായെന്ന് നിഷേധിക്കപ്പെട്ട ശുപാർശ.

**രണ്ട്:** ഉണ്ടെന്ന് സ്ഥിരീകരിക്കപ്പെട്ട ശുപാർശ.

അല്ലാഹുവിനല്ലാതെ മറ്റാർക്കും കഴിയാത്ത ഒരു കാര്യത്തിന് അല്ലാഹുവല്ലാത്തവരോട് തേടുന്ന ശുപാർശയാണ്, ഇല്ലായെന്ന് നിഷേധിക്കപ്പെട്ട ശുപാർശ. തെളിവ് അല്ലാഹുവിന്റെ ഈ വചനമാണ്:

"يَا أَيُّهَا الَّذِينَ آمَنُوا أَنفِقُوا مِمَّا رَزَقْنَاكُمْ مِنْ قَبْلِ أَنْ يَأْتِيَ يَوْمٌ لَا بَيْعٌ فِيهِ وَلَا خُلَّةٌ وَلَا شَفَاعَةٌ وَالْكَافِرُونَ هُمُ الظَّالِمُونَ" [البقرة:**254**]

**"(അല്ലാഹുവിലും അവന്റെ ദീനിലും) വിശ്വസിച്ചവരേ, കച്ചവടമോ ഉറ്റസ്നേഹബന്ധമോ ശുപാർശയോ ഇല്ലാത്ത ഒരു ദിവസം വരുന്നതിനു മുൻപായി, നിങ്ങൾക്ക് നാം നൽകിയതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുക. (അല്ലാഹുവിനെയും അവന്റെ ദീനിനെയും) നിഷേധിച്ചവർ തന്നെയാണ് അക്രമികൾ"**
(സൂറത്തുൽ ബകറ: 254)

ഉണ്ടെന്ന് സ്ഥിരീകരിക്കപ്പെട്ട ശഫാഅത് എന്നാൽ അത് അല്ലാഹുവിനോട് മാത്രം ചോദിക്കുന്ന ശഫാഅത്താണ്. ശുപാർശ പറയുന്നയാൾ അതിനുള്ള അവസരം ലഭിക്കുന്നതിലൂടെ ആദരിക്കപ്പെടുന്നു. ആരുടെ വാക്കും പ്രവർത്തിയുമാണോ അല്ലാഹു തൃപ്തിപ്പെട്ടത് അവരുടെ കാര്യത്തിൽ മാത്രമാണ് ശഫാഅത് സ്വീകരിക്കപ്പെടുക. അല്ലാഹുവിന്റെ അനുമതിക്കു ശേഷം മാത്രമാണത്. അല്ലാഹു പറഞ്ഞതുപോലെ:

"مَنْ ذَا الَّذِي يَشْفَعُ عِنْدَهُ إِلَّا بِإِذْنِهِ.." [البقرة:**255**]

**"അല്ലാഹുവിന്റെ അനുമതിയില്ലാതെ അവന്റെയരികിൽ ശുപാർശ ചെയ്യാനാരുണ്ട്?" (സൂറത്തുൽ ബകറ: 255)"**

**മൂന്നാമത്തെ അടിസ്ഥാന കാര്യം:** തങ്ങളുടെ ആരാധനയുടെ കാര്യത്തിൽ വിഭിന്ന നിലപാടുകാരായ ഒരു കൂട്ടരിലേക്കാണ് നബി ﷺ നിയോഗിതനായത്. അവരിൽ ചിലർ മലക്കുകളെ ആരാധിക്കുന്നവരായിരുന്നു. നബിമാരെയും സ്വാലിഹുകളെയും ആരാധിച്ചിരുന്നവരായിരുന്നു മറ്റു ചിലർ. കല്ലുകളെയും മരങ്ങളെയും ആരാധിച്ചിരുന്നവരും അവരിലുണ്ടായിരുന്നു. വേറെ ചിലർ ആരാധിച്ചത് സൂര്യനെയും ചന്ദ്രനെയുമായിരുന്നു. എന്നാൽ നബി ﷺ അവരോടെല്ലാം യുദ്ധം ചെയ്തു. അവർക്കിടയിൽ അവിടുന്ന് ﷺ ഒരു വ്യത്യാസവും കൽപ്പിച്ചില്ല.

ഇതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനമാകുന്നു:

"وَقَاتِلُوهُمْ حَتَّىٰ لَا تَكُونَ فِتْنَةٌ وَيَكُونَ الدِّينُ لِلَّهِ..." [البقرة:193]

**"ഫിത്ന ഇല്ലാതാവുകയും ദീൻ അല്ലാഹുവിനുള്ളതാവുകയും ചെയ്യുന്നതുവരെ നീ അവരോട് യുദ്ധം ചെയ്യുക."**

സൂര്യനെയും ചന്ദ്രനെയും ആരാധിച്ചവർ അവരിലുണ്ടായിരുന്നു എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനമാകുന്നു:

"وَمِنْ آيَاتِهِ اللَّيْلُ وَالنَّهَارُ وَالشَّمْسُ وَالْقَمَرُ لَا تَسْجُدُوا لِلشَّمْسِ وَلَا لِلْقَمَرِ" [فصلت:37]

**"അവന്റെ (അല്ലാഹുവിന്റെ) ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു രാവും പകലും സൂര്യനും ചന്ദ്രനും. സൂര്യനോ ചന്ദ്രനോ നിങ്ങൾ സുജൂദ് ചെയ്യരുത്."**

മലക്കുകളെ ആരാധിച്ചവർ അവരിലുണ്ടായിരുന്നു എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനമാകുന്നു:

"وَلَا يَأْمُرَكُمْ أَنْ تَتَّخِذُوا الْمَلَائِكَةَ وَالنَّبِيِّينَ أَرْبَابًا..." [آل عمران:**80**]

**"മലക്കുകളെയും നബിമാരെയും റബ്ബുകളായി സ്വീകരിക്കണമെന്നും (നബിമാരാരും) നിങ്ങളോട് കൽപിക്കുകയില്ല."**

നബിമാരെ ആരാധിച്ചവർ അവരിലുണ്ടായിരുന്നു എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനമാകുന്നു:

"وَإِذْ قَالَ اللَّهُ يَا عِيسَى ابْنَ مَرْيَمَ أَأَنتَ قُلْتَ لِلنَّاسِ اتَّخِذُونِي وَأُمِّيَ إِلَٰهَيْنِ مِنْ دُونِ اللَّهِ قَالَ سُبْحَانَكَ مَا يَكُونُ لِي أَنْ أَقُولَ مَا لَيْسَ لِي بِحَقٍّ إِنْ كُنتُ قُلْتُهُ فَقَدْ عَلِمْتَهُ تَعْلَمُ مَا فِي نَفْسِي وَلَا أَعْلَمُ مَا فِي نَفْسِكَ إِنَّكَ أَنْتَ عَلَّامُ الْغُيُوبِ" [المائدة:**116**]

"അല്ലാഹു പറയുന്ന സന്ദർഭം: ഓ മർയമിന്റെ മകൻ ഈസാ! നീയാണോ ജനങ്ങളോടു പറഞ്ഞത്; എന്നെയും എന്റെ മാതാവിനെയും ആരാധ്യരായി നിങ്ങൾ സ്വീകരിക്കൂ എന്ന്? അദ്ദേഹം പറയും: നീയെത്ര പരിശുദ്ധൻ! എനിക്ക് അർഹതയില്ലാത്തത് പറയാൻ എനിക്ക് പാടുള്ളതല്ല. ഞാൻ എന്താണ് പറഞ്ഞിരുന്നതെന്ന് നിനക്കറിയാം. എന്റെ മനസിലുള്ളത് നീയറിയുന്നു. നിന്റെ നഫ്സിലുള്ളത് എനിക്കറിയുകയില്ല. നീ അദൃശ്യങ്ങളെല്ലാം നന്നായി അറിയുന്നവനാകുന്നു."

സ്വാലിഹുകളെ ആരാധിച്ചവർ അവരിലുണ്ടായിരുന്നു എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനമാകുന്നു:

"أُوْلَئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَى رَبِّهِمُ الْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُ وَيَخَافُونَ عَذَابَهُ" [الإسراء:57]

**"അവർ വിളിച്ചുപ്രാർത്ഥിക്കുന്ന** (അവരുടെ ആരാധ്യരായ)**വർ തന്നെ തങ്ങളിലാരാണ് തങ്ങളുടെ റബ്ബിലേക്ക് ഏറ്റവും അടുത്തവർ എന്ന നിലയിൽ** (മത്സരിച്ചുകൊണ്ട്) **അവങ്കലേക്ക് സാമീപ്യം തേടുകയാകുന്നു. അവന്റെ കാരുണ്യം അവർ പ്രതീക്ഷിക്കുകയും അവന്റെ ശിക്ഷയെ അവർ ഭയപ്പെടുകയും ചെയ്യുന്നു..."**

കല്ലുകളെയും മരങ്ങളെയും ആരാധിച്ചവർ അവരിലുണ്ടായിരുന്നു എന്നതിനുള്ള തെളിവ് അല്ലാഹുവിന്റെ ഈ വചനമാകുന്നു:

"أَفَرَأَيْتُمُ اللَّاتَ وَالْعُزَّى ۝ وَمَنَاةَ الثَّالِثَةَ الْأُخْرَى" [النجم:19-20]

"ലാത്തയെയും ഉസ്സയെയും നിങ്ങൾ കണ്ടുവോ**?** മൂന്നാമതുള്ള മറ്റൊരു മനാത്തയെയും**?"**

അബൂ വാഖിദ് അല്ലെയ്ഥി (رضي الله عنه) യുടെ ഹദീഥും ഇതിനുള്ള തെളിവാണ്. അദ്ദേഹം പറയുന്നു:

"خرجنا مع النبي -صلى الله عليه وسلم- إلى حُنين ونحنُ حدثاء عهدٍ بكفر، وللمشركين سدرة يعكفون عندها وينوطون بها أسلحتهم يقال لها: ذات أنواط، فمررنا بسدرة فقلنا: يا رسول الله اجعل لنا ذات أنواط كما لهم ذات أنواط فَقَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: " سُبْحَانَ اللَّهِ هَذَا كَمَا قَالَ قَوْمُ مُوسَى {اجْعَلْ لَنَا إِلَهًا كَمَا لَهُمْ آلِهَةٌ} وَالَّذِي نَفْسِي بِيَدِهِ لَتَرْكَبُنَّ سُنَّةَ مَنْ كَانَ قَبْلَكُمْ "

ഞങ്ങൾ നബിﷺയുടെ കൂടെ ഹുനൈനിലേക്ക് (യുദ്ധത്തിന്) പുറപ്പെട്ടു. അന്ന് ഞങ്ങൾ കുഫ്റിൽ നിന്ന് ഇസ്‌ലാമിലേക്ക് വന്നിട്ട് കുറച്ചു കാലമേ ആയിട്ടുണ്ടായിരുന്നുള്ളൂ. 'ദാതു അൻവാത്' എന്ന പേരിൽ മുശ്‌രിക്കുകൾക്ക് ഒരു മരമുണ്ടായിരുന്നു. അവർ അതിനടുത്ത് കഴിഞ്ഞുകൂടുകയും അതിൽ അവരുടെ ആയുധങ്ങൾ തൂക്കിയിടുകയും ചെയ്യുമായിരുന്നു. അങ്ങനെ ഒരു മരത്തിനരികിലൂടെ കടന്നുപോകുമ്പോൾ ഞങ്ങൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ആയുധങ്ങൾ തൂക്കിയിടാൻ അവർക്ക് ഒരു മരം ഉള്ളതുപോലെ ഞങ്ങൾക്കും ഒരു ദാതു അൻവാത് ഏർപ്പെടുത്തിത്തന്നാലും. അപ്പോൾ നബി ﷺ പറഞ്ഞു: സുബ്ഹാനല്ലാഹ്! മൂസാ നബിയുടെ ജനത (മുശ്‌രിക്കുകളുടെ ഒരു ബിംബത്തെ കണ്ടപ്പോൾ) 'അവർക്ക് ഒരു ആരാധ്യനുള്ളതുപോലെ ഞങ്ങൾക്കും ഒരു ഇലാഹിനെ ഏർപ്പെടുത്തിത്തന്നാലും' എന്നു പറഞ്ഞതുപോലെത്തന്നെയാണിത്. എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം; നിങ്ങൾ നിങ്ങൾക്ക് മുമ്പുള്ളവരുടെ (ദുഷിച്ച) ചര്യ പിൻപറ്റുക തന്നെ ചെയ്യും."

**നാലാമത്തെ അടിസ്ഥാന കാര്യം:**

നമ്മുടെ കാലത്തെ മുശ്‌രിക്കുകൾ പഴയകാലത്തെ മുശ്‌രിക്കുകളെക്കാൾ കടുത്ത ശിർക്കുള്ളവരാണ്. കാരണം, പഴയകാലത്തുള്ളവർ സുഖസൗകര്യങ്ങളിലായിരിക്കെ അല്ലാഹുവിൽ പങ്കുചേർക്കുന്നവരും, പ്രതിസന്ധിഘട്ടങ്ങളിൽ

അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവരുമായിരുന്നു. എന്നാൽ നമ്മുടെ സമകാലികരായ മുശ്രിക്കുകളുടെ ശിർക്ക് സൗഖ്യമെന്നോ പ്രതിസന്ധിയെന്നോ വ്യത്യാസമില്ലാതെ സ്ഥിരമായുള്ളതാണ്. അല്ലാഹുവിന്റെ ഈ വചനം ഇതിനുള്ള തെളിവാണ്:

"*فَإِذَا رَكِبُوا فِي الْفُلْكِ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ فَلَمَّا نَجَّاهُمْ إِلَى الْبَرِّ إِذَا هُمْ يُشْرِكُونَ " (العنكبوت: 65)

**"അവർ കപ്പലിൽ സഞ്ചരിക്കുകയാണെങ്കിൽ കീഴ്വണക്കം അല്ലാഹുവിന് മാത്രം നിഷ്കളങ്കമാക്കിക്കൊണ്ട് അവർ അവനെ വിളിച്ചുപ്രാർത്ഥിക്കുന്നു. എന്നാൽ അവൻ അവരെ കരയിലേക്ക് രക്ഷപ്പെടുത്തിയാൽ അവരതാ** (അവനുള്ള ആരാധനയിൽ മറ്റുള്ളവരെ) **പങ്കുചേർക്കുന്നു."**

# متن القواعد الاربعة

## مليالم

## تأليف

## محمد بن عبد الوهاب


جمعية الدعوة والإرشاد وتوعية الجاليات بالربوة
مسجلة بوزارة الموارد البشرية والتنمية الاجتماعية برقم ٣١٢١
هاتف: ٩٦٦١١٤٤٥٤٩٠٠+ فاكس: ٩٦٦١١٤٩٧٠١٢٦+ ص ب: ٢٩٤٦٥ الرياض: ١١٤٥٧
P.O.BOX 29465 RIYADH 11457 TEL: +966 11 4454900 FAX: +966 11 4970126
OFFICERABWAH